## യുഗത്തെ തിരിക്കുന്ന ജീവിതവും വേലയും

**I. നോഹയും ദാനീയേലും ഇയ്യോബും ദൈവത്തിന്റെ വ്യവസ്ഥ നിറവേറ്റുന്നതിനായി ജീവന്റെ രേഖയിൽ നമുക്ക് എങ്ങനെ ഒരു ജയജീവിതം നയിക്കാമെന്ന് വെളിപ്പെടുത്തുന്ന മാതൃകകളാണ്; ഇത് യുഗത്തെ മാറ്റുന്നതിനായി യുഗത്തിന്റെ ദർശനത്തിനൊത്തവണ്ണം ജീവിക്കുകയും വേലചെയ്യുകയും ചെയ്യുന്നതാണ്**

**II. നോഹയുടെയും ദാനീയേലിന്റെയും ഇയ്യോബിന്റെയും ജീവിതം തന്റെ നിത്യവ്യവസ്ഥ നിറവേറ്റുന്നതിനായി തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് ത്രിയേക ദൈവം തന്നെത്തന്നെ പകരുകയും, തന്നെത്തന്നെ വേലചെയ്യുകയും ചെയ്യുന്നതിനെ വെളിപ്പെടുത്തുന്നു; മുഴുവൻ വേദപുസ്തകവും എഴുതപ്പെട്ടത് തന്റെ ദിവ്യവ്യവസ്ഥയുടെ പൂർത്തീകരണത്തിനായി നാം അവനെ അനുഭവമാക്കുന്നതിനും, അവനെ ആസ്വദിക്കുന്നതിനും, അവനെ ആവിഷ്കരിക്കുന്നതിനുമായി ത്രിയേക ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകരുന്നു എന്ന നിയന്ത്രക തത്ത്വപ്രകാരമാണ്**

- നോഹയോടുള്ള ബന്ധത്തിൽ, തന്റെ നിത്യ ഉടമ്പടി (മഴവില്ല്) കാക്കുന്നതിന് പിതാവായ ദൈവത്തെ അവന്റെ വിശ്വസ്തതയിൽ നാം കാണുന്നു
- ദാനീയേലിനോടുള്ള ബന്ധത്തിൽ, പുത്രനായ ക്രിസ്തു ദൈവത്തിന്റെ നീക്കത്തിന്റെ കേന്ദ്രീയതയും സാർവത്രികതയും ആണെന്നും, ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ ലക്ഷ്യം തന്റെ ജയാളികളോടുകൂടിയ സംഘാത ക്രിസ്തു ഉണ്ടായിരിക്കുന്നതാണെന്നും നാം കാണുന്നു
- ഇയ്യോബിനോടുള്ള ബന്ധത്തിൽ, ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനും, ദൈവത്തിന്റെ തേജസ്സിനും വേണ്ടി പരിശുദ്ധാത്മാവിന്റെ പുതുക്കത്താൽ രൂപാന്തര പ്രക്രിയ മുഖാന്തരം ആത്മാവായ ദൈവം തന്റെ പ്രണയിനികളെ കൊണ്ടുവരുന്നത് നാം കാണുന്നു

## നോഹ—കൃപയ്ക്ക് എത്രമാത്രം ചെയ്യാൻ കഴിയും

**III. "എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു"—ഉല്പ. 6:8**

- നോഹയുടെ ജീവിതവും വേലയും വീണുപോയ ആളുകൾക്കുവേണ്ടി കൃപയ്ക്ക് എത്രമാത്രം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുന്നു; കൃപ എന്നത് നമ്മുടെ ആസ്വാദനത്തിനായി നമുക്കുവേണ്ടി നമ്മിൽ സകലതും ചെയ്തുകൊണ്ട് നമ്മുടെ ഭാരവാഹകൻ എന്ന നിലയിൽ അത്ഭുതവാനായ ക്രിസ്തുവാണ്
  - ജഡം പിശാചിന്റെ സാന്നിധ്യമാണ്, കൃപ ദൈവത്തിന്റെ സാന്നിധ്യമാണ്;
- നോഹ ദൈവത്തോടുകൂടെ നടക്കുകയും ദിവ്യവ്യവസ്ഥ നടപ്പിലാക്കുന്നതിനായി പെട്ടകം പണിയുകയും ചെയ്തു
  - ബൈബിളിൽ ദൈവത്തിന്റെ ഒന്നാമത്തെ കെട്ടിടം നോഹയുടെ പെട്ടകമാണ്, അത് ദൈവത്തിന്റെയും മനുഷ്യന്റെയും കെട്ടുപണി എന്ന നിലയിൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു; ദൈവത്തിന്റെ കെട്ടിടം ഒരു ദൈവ-മനുഷ്യനാണ്
  - പെട്ടകത്തിന്റെ കെട്ടുപണി, കെട്ടുപണിയുടെ സാമഗ്രിയെന്ന നിലയിൽ ക്രിസ്തുവിന്റെ സമ്പത്തിന്റെ മൂലകംകൊണ്ട് ക്രിസ്തുവിന്റെ ശരീരമായ സഭയെന്ന സംഘാത ക്രിസ്തുവിന്റെ കെട്ടുപണിയെ മുൻകുറിക്കുന്നു
  - പെട്ടകത്തിന്റെ മൂന്ന് നിലകൾ, ത്രിയേക ദൈവത്തെ നമ്മുടെ അനുഭവത്തിനൊത്തവണ്ണം സൂചിപ്പിക്കുന്നു

## ദാനീയേൽ—ദൈവത്തിന്റെ പരമമായ അമൂല്യതയായ ക്രിസ്തുവിനെ നാം ആസ്വദിക്കണം

**IV. അവന്റെ സ്വകാര്യ സമ്പത്തെന്ന നിലയിൽ നാം അമൂല്യ മനുഷ്യർ, അഥവാ അമൂല്യതതന്നെ ആകേണ്ടതിന് അവനാൽ സംരചിക്കപ്പെടുവാൻ ദൈവത്തിന്റെ പരമമായ അമൂല്യതയെന്ന നിലയിൽ ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം സമയത്തെ വീണ്ടെടുക്കണമെന്ന് ദാനീയേൽ നമ്മെ കാണിക്കുന്നു**

- ദാനീയേലിന്റെ വിലമതിപ്പിനും, ആശ്വാസത്തിനും, പ്രോത്സാഹനത്തിനും, പ്രതീക്ഷയ്ക്കും, ദൃഢീകരണത്തിനുമായി ഒരു മനുഷ്യനെന്ന നിലയിൽ തന്റെ പരമമായ അമൂല്യതയിൽ ഉൽക്കൃഷ്ടനായ ക്രിസ്തു അവന് പ്രത്യക്ഷപ്പെട്ടു
  - ചണനൂൽ അങ്കി—തന്റെ മനുഷ്യത്വത്തിൽ ഒരു പുരോഹിതനായി
  - തങ്ക അരക്കച്ച—തന്റെ രാജത്വത്തിൽ, തന്റെ ദിവ്യത്വത്തിൽ
  - ശരീരം ഗോമേദകം—തന്റെ ജനത്തിന്റെ വിലമതിപ്പിനായി തന്റെ അമൂല്യതയിലും തേജസ്സിലും
  - മുഖം മിന്നൽ പ്രകാശം—തന്റെ ജനത്തിനുമേൽ ശോഭിക്കുന്നതിനുവേണ്ടി
  - കണ്ണുകൾ തീപ്പന്തം—അന്വേഷിക്കുന്നതിനും വിധിക്കുന്നതിനുമുള്ള തന്റെ പ്രകാശിപ്പിക്കുന്ന കാഴ്ചയിൽ
  - ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ തിളക്കം—തന്റെ വേലയുടെയും നീക്കത്തിന്റെയും തിളക്കത്തിൽ
  - വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം—തന്റെ ജനത്തെ വിധിക്കുന്നതിനുവേണ്ടി തന്റെ ശക്തമായ സംസാരത്തിൽ
- ക്രിസ്തുവിന് സർവോൽകൃഷ്ടത, എല്ലാത്തിലും ഒന്നാം സ്ഥാനം നൽകുന്നതിനായി, മുഴുവൻ ലോക സാഹചര്യവും സ്വർഗസ്ഥനായ ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്ന് ദാനീയേലിന് വെളിപാട് ലഭിച്ചു

## ഇയ്യോബ്—സ്വാഭാവിക ഇയ്യോബിനെ തകർക്കുക, പുതുക്കപ്പെട്ട ഇയ്യോബിനെ കെട്ടിപ്പെടുക്കുക

**V. "അനന്തരം യഹോവ ഇയ്യോബിനോട് ഉത്തരം അരുളി" (ഇയ്യോ. 38:1); "അതിന് ഇയ്യോബ് യഹോവയോട് ഉത്തരം പറഞ്ഞത്" (42:1); "യഹോവ ഇയ്യോബിന്റെ സ്ഥിതിക്കു ഭേദം വരുത്തി" (വാ. 10)**

- ഇയ്യോബിനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, ദൈവത്തിന്റെ സ്വഭാവത്തിലും സദ്ഗുണങ്ങളിലുമുള്ള ഒരു പുതുക്കപ്പെട്ട ഇയ്യോബിനെ കെട്ടിപ്പടുക്കുന്നതിനായി, തന്റെ തികവിലും നേരിലുമുള്ള സ്വാഭാവിക ഇയ്യോബിനെ തകർക്കുക എന്നതായിരുന്നു
- നാം ക്രിസ്തുവിനെ ജീവിക്കുകയും ക്രിസ്തുവിനെ ആവിഷ്കരിക്കുകയും ചെയ്യേണ്ടതിന് നമ്മുടെ ജീവനും നമ്മുടെ സ്വഭാവവും നമ്മുടെ സകലവും ആകുവാൻ ദൈവം ക്രിസ്തുവിൽ ആത്മാവിനാൽ അവനെത്തന്നെ നമ്മിലേക്ക് പകരുന്നതിനുവേണ്ടി; ഇതായിരിക്കണം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന തത്ത്വം
- ഈ തത്ത്വത്തിൽ ജീവിക്കുവാനും വേലചെയ്യുവാനുമുള്ള മാർഗം, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട്, ആത്മാവിനാലും ആത്മാവോടുകൂടെയും ആത്മാവിലും ആത്മാവിലൂടെയും സകലവും ചെയ്യുക എന്നതാണ്